**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ-സെൻസിറ്റീവ് സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്‌കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ എല്ലാ വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ-സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന സുപ്രീം കോടതി ഉത്തരവ് സംരക്ഷിത വനങ്ങൾക്ക് ചുറ്റുമുള്ള ഗ്രാമങ്ങളിലെ വികസന പ്രവർത്തനങ്ങളെയും ഉപജീവന പ്രവർത്തനങ്ങളെയും ബാധിക്കുമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ IA 1000/2003 നമ്പർ കേസിലെ വിധി പ്രകാരം ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും നിശ്ചയിക്കപ്പെട്ട അതിരിൽ നിന്നും ഒരു കിലോ മീറ്റർ ചുറ്റളവ് വരെ ഇക്കോസെൻസിറ്റീവ് സോണായി (ESZ) പ്രഖ്യാപിക്കുമ്പോൾ വനങ്ങൾക്ക് ചുറ്റുമുള്ള ഗ്രാമങ്ങളിലെ വികസന പ്രവർത്തനങ്ങളെയും ഉപജീവന പ്രവർത്തനങ്ങളെയും ഒരു പരിധിവരെ ബാധിക്കുമെന്നത് ഗൗരവത്തോടെയാണ് കാണുന്നത്.<br><br>കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കത്ത് നം. F.No.19/2007 WL-1 (pt) തീയതി 09.02.2011 കത്ത് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (Prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (Regulated) പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഷയം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ബഹു.സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.06.2022 ന് അഡ്വക്കേറ്റ് ജനറലിനെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | നിലവിൽ കേന്ദ്ര വനം  പരിസ്ഥിതി മന്ത്രാലയത്തിന്റെ  മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു. സുപ്രീം കോടതിയെയും  ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, ജനവാസകേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച്  റിപ്പോർട്ട് സമർപ്പിക്കുന്നതിന്  സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ  വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03.06.2022-ലെ ബഹു സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും, ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവെർഡ് കമ്മിറ്റിയെയും ബഹു. സുപ്രീം കോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇക്കോ-സെൻസിറ്റീവ് സോൺ നിർബന്ധമാക്കുന്നത് സംസ്ഥാനത്തെ ഇരുപതോളം പട്ടണങ്ങളെയും ഒരു ലക്ഷം കുടുംബങ്ങളെയും ബാധിക്കും എന്ന വസ്തുത നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | (സി) | ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ മാത്രമെ സംരക്ഷിത വന മേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോല മേഖല വന്നുകഴിഞ്ഞാൽ സംസ്ഥാനത്തെ എത്ര പട്ടണങ്ങളും എത്ര കുടുംബങ്ങളെയും ഇതുമൂലം ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ.<br><br>03.06.2022-ലെ ബഹു സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും, ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപോവെർഡ് കമ്മിറ്റിയെയും ബഹു. സുപ്രീം കോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ നിയമ നിർമ്മാണം നടത്തമമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രിയ്ക്ക് കത്തും അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| നിരോധിക്കപ്പെടുന്നത് (Prohibited) | നിയന്ത്രിക്കപ്പെടുന്നത് (Regulated) |
|---|---|
| വാണിജ്യ ഖനനം | മരങ്ങൾ മുറിച്ചു മാറ്റുക |
| തടിമില്ലുകൾ സ്ഥാപിക്കുക, | ഹോട്ടലുകളും റിസോർട്ടുകളും ആരംഭിക്കുക, |
| മലിനീകരണമുണ്ടാകുന്ന വ്യവസായങ്ങൾ ആരംഭിക്കുക, | കാർഷിക മേഖലയിലെ ഗുരുതരമായ മാറ്റം |
| വിറകിന്റെ വാണിജ്യ ഉപയോഗം | പ്രകൃതിദത്ത ജലത്തിന്റെ വ്യവസായിക ഉപയോഗം |
| വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക | ഇലക്ട്രിക് കേബിളുകൾ സ്ഥാപിക്കുക |
| അപകടകരമായ വസ്തുക്കളുടെ ഉൽപ്പാദനവും ഉപയോഗവും | ഹോട്ടലുകൾ ലോഡ്ജുകൾ എന്നിവയ്ക്ക് ചുറ്റും വേലി സ്ഥാപിക്കുക |
| ടൂറിസത്തിന്റെ ഭാഗമായി നാഷണൽ പാർക്കുകൾക്കു മുകളിലൂടെയുള്ള ആകാശയാത്ര | റോഡ് വീതി കൂട്ടുക |
| ജലാശയങ്ങളിൽ മലിന വസ്തുക്കൾ നിക്ഷേപിക്കുക | വാണിജ്യാവശ്യത്തിനായുള്ള വാഹനങ്ങളുടെ രാത്രികാല യാത്ര |
| | വിദേശ പക്ഷി ജന്തുജാലങ്ങളെ കൊണ്ടുവരുക |
| | കുന്നിൻചരിവുകളുടെയും നദീതീരങ്ങളുടെയും സംരക്ഷണത്തിനായുള്ള പ്രവർത്തികൾ |
| | വായു/ വാഹന മലിനീകരണം |
| | പരസ്യ ബോർഡുകൾ സ്ഥാപിക്കുക |